പി.എൽ(2)/38455/2013/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,തീയതി: 30/05/2013.

# സർക്കുലർ

വിഷയം:-സംസ്കൃത വിദ്യാഭ്യാസ വികസനം-അക്കാഡമിക് കൗൺസിൽ രൂപീകരണവും പ്രവർത്തനങ്ങളും സംബന്ധിച്ച്.

സൂചന:-

**************

സംസ്ഥാനത്ത് സംസ്കൃത വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാഭ്യാസജില്ലകളിലും,സബ്ജില്ലകളിലും, സ്കൂളുകളിലും സംസ്കൃത കൗൺസിലുകൾ രൂപീകരിക്കേണ്ടതും, പ്രവർത്തിപ്പിക്കേണ്ടതുമാണ്. താഴെപറയും പ്രകാരം കൗൺസിലുകൾ രൂപീകരിക്കേണ്ടതാണ്.

## i. സ്കൂൾതല കൗൺസിൽ:-

സ്കൂളിലെ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ എല്ലാ സംസ്കൃത വിദ്യാർത്ഥികളും കൗൺസിൽ അംഗങ്ങളായിരിക്കും. അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന 9 വിദ്യാർത്ഥികൾ നിർവ്വാഹക സമിതി അംഗങ്ങളായിരിക്കും. കൗൺസിലിന്റെ പ്രസിഡന്റ് സ്കൂളിലെ പ്രഥമ അദ്ധ്യാപകനായിരിക്കണം. വൈസ്പ്രസിഡന്റ് സീനിയർ സംസ്കൃത അദ്ധ്യാപകനായിരിക്കണം. സംസ്കൃത വിദ്യാർത്ഥി സെക്രട്ടറിയായിരിക്കണം.

### പ്രവർത്തനങ്ങൾ

1. സംസ്കൃത സമാജം :സ്കൂളിലെ എല്ലാ ക്ലാസ്സുകളിലെയും,സംസ്കൃത വിദ്യാർത്ഥികളെ ഒന്നിച്ചു ചേർത്തുകൊണ്ട് സാഹിത്യ സമാജത്തിന് സമാനമായ പരിപാടികൾ സംസ്കൃതത്തിൽ അവതരിപ്പിക്കുക. കുട്ടികൾ കൂടുതലുണ്ടെങ്കിൽ പ്രത്യേകം ക്ലാസ്സ് സമാജങ്ങളും സംഘടിപ്പിക്കാവുന്നതാണ്.
2. സംസ്കൃത ദിനാചരണം സമുചിതമായി നടത്തുക
3. സംസ്കൃത സംഭാഷണ ക്ലാസ്സുകൾ നടത്തുക
4. സംസ്കൃത വിദ്യാർത്ഥികളുടെ പഠന യാത്രകൾ നടത്തുക
5. സംസ്കൃത പ്രദർശനം സംഘടിപ്പിക്കുക

ii. **ഉപജില്ലാതല കൗൺസിൽ:-**

ഉപജില്ലയുടെ പരിധിയിൽ വരുന്ന യു.പി.സ്ക്കൂളുകളിലെയും, ഹൈസ്ക്കൂളിലെയും സംസ്കൃത അദ്ധ്യാപകർ കൗൺസിൽ അംഗങ്ങളായിരിക്കും. ഇവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സെക്രട്ടറിയായിരിക്കും. സെക്രട്ടറി ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെടുന്ന 9 പേർ നിർവ്വാഹക സമിതി അംഗങ്ങളാകും. കൗൺസിൽ പ്രസിഡന്റ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസറും വൈസ്പ്രസിഡന്റ് സംസ്കൃത ഭാഷയോട് ആഭിമുഖ്യമുള്ള ഒരു പ്രധാന അദ്ധ്യാപകനുമായിരിക്കണം.

**പ്രവർത്തനങ്ങൾ:-**

1. അദ്ധ്യാപകർക്ക് പഠനോപകരണ ശില്പശാല നടത്തുക
2. അദ്ധ്യാപകർക്കും,വിദ്യാർത്ഥികൾക്കും സംസ്കൃത ഭാഷണ പരിശീലനം നൽകുക
3. പാഠാപഗ്രഥനം,ചർച്ച എന്നിവ സംഘടിപ്പിക്കുക
4. സംസ്കൃതോത്സവം നടത്തിപ്പുമായി സഹകരിച്ച് പ്രവർത്തിക്കുക
5. സംസ്കൃത ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുക
6. സംസ്കൃത സ്കോളർഷിപ്പ് നടത്തിപ്പിനും മൂല്യനിർണ്ണയത്തിനും ആവശ്യമായ സഹായം നൽകുക
7. സംസ്കൃതോത്സവത്തിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ പ്രത്യേകം യോഗത്തിൽ വച്ച് അനുമോദിക്കുക
8. സംസ്കൃത വിദ്യാഭ്യാസ വികസനത്തിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട അധികാരികൾക്ക് നൽകുക
9. സ്ക്കൂൾ തല സംസ്കൃത കൗൺസിലുകളുടെ പ്രവർത്തങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുക

iii. **വിദ്യാഭ്യാസ ജില്ലാതല കൗൺസിൽ:-**

വിദ്യാഭ്യാസ ജില്ലയിലെ എല്ലാ യു.പി,ഹൈസ്ക്കൂൾ സംസ്കൃത അദ്ധ്യാപകരും ഇതിൽ അംഗങ്ങൾ ആയിരിക്കും. ഇവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരദ്ധ്യാപകൻ സെക്രട്ടറിയായിരിക്കും. സെക്രട്ടറി ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെടുന്ന 9 പേർ നിർവ്വാഹക സമിതി അംഗങ്ങളാകും. കൗൺസിലിന്റെ പ്രസിഡന്റ് ജില്ലാ വിദ്യാഭ്യാസ ആഫീസർ ആയിരിക്കണം. ഉപജില്ലാ സംസ്കൃത കൗൺസിൽ സെക്രട്ടറിമാർ പ്രവർത്തന സമിതിയിൽ പ്രത്യേകം ക്ഷണിക്കപ്പെടുന്ന അംഗങ്ങൾ ആയിരിക്കണം.

പ്രവർത്തനങ്ങൾ:-

1. അദ്ധ്യാപകർക്ക് പഠനോപകരണ ശില്പശാല നടത്തുക
2. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സംസ്കൃത സംഭാഷണ പരിശീലനം നൽകുക
3. സംസ്കൃത സെമിനാർ നടത്തുക
4. സംസ്കൃത ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുക
5. സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ നടത്തിപ്പിക്കുവാനും മൂല്യ നിർണ്ണയത്തിനും ആവശ്യമായ സഹായം ചെയ്യുക
6. സംസ്കൃതോത്സവ നടത്തിപ്പുമായി സഹകരിച്ച് പ്രവർത്തിക്കുക
7. സംസ്കൃതോത്സവത്തിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ പ്രത്യേക യോഗത്തിൽ വച്ച് അനുമോദിക്കുക
8. സംസ്കൃത വിദ്യാഭ്യാസ വികസനത്തിന് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കുക
9. ഉപജില്ലാ കൗൺസിൽ പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യുക.

iv. സംസ്ഥാന കൗൺസിൽ:-

വിദ്യാഭ്യാസ ജില്ലാ കൗൺസിൽ സെക്രട്ടറിമാർ കൗൺസിൽ അംഗങ്ങളായിരിക്കും. ഇവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സെക്രട്ടറിയായിരിക്കും. സെക്രട്ടറി ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെടുന്ന 9 പേർ നിർവ്വാഹക സമിതി അംഗങ്ങളായിരിക്കും. കൗൺസിലിന്റെ പ്രസിഡന്റ് വിദ്യാഭ്യാസ ഡയറക്ടറും വൈസ് പ്രസിഡന്റ് സംസ്കൃത സ്പെഷ്യൽ ആഫീസറും ആയിരിക്കും.

നിർദ്ദേശങ്ങൾ

1. പ്രധാന അദ്ധ്യാപകൻ,ജില്ല,ഉപജില്ല വിദ്യാഭ്യാസ ആഫീസർമാർ യഥാക്രമം കൗൺസിലുകൾ രൂപീകരിക്കേണ്ടതും റിപ്പോർട്ട് ജൂൺ 30 നകം വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.
2. ഈ വർഷം സംസ്തൃതദിനം ശ്രാവണ പൗർണ്ണമിയായ ആഗസ്റ്റ് 20 ചൊവ്വാഴ്ച ആണ്. ഈ ദിവസം വിദ്യാഭ്യാസ ജില്ലാ തലത്തിൽ സംസ്കൃത ദിനം ആചരിക്കേണ്ടതാണ്. ഈ ദിവസം മറ്റെതെങ്കിലും കാരണവശാൽ സംസ്കൃത ദിനം ആചരിക്കുവാൻ സാധിച്ചില്ലെങ്കിൽ അടുത്ത പ്രവർത്തി ദിവസം സംസ്കൃതദിനം ആകർഷകമായ രീതിയിൽ ആചരിക്കേണ്ടതാണ്. ഇതിനുവേണ്ടി സ്ക്കൂൾതല കൗൺസിൽ പ്രവർത്തനങ്ങളെ കൂടാതെ സ്ക്കൂളിലെ എല്ലാ വിദ്യാർത്ഥികളേയും ഉൾപ്പെടുത്തി വിവിധ പരിപാടികൾ സംസ്കൃത പദ്യപാരായണം, സംസ്കൃത പ്രഭാഷണ ം,ഗാനാലാപനം,പ്രശ്നോത്തരി മുതലായവ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതാണ്. അന്നേദിവസം സ്ക്കൂൾ അസംബ്ലിയിൽ സംസ്കൃതത്തിന്റെ മഹത്വത്തെക്കുറിച്ച് ഉദ്ബോധനം

നടത്താവുന്നതാണ്. സ്ക്കൂൾ തലത്തിൽ സംസ്കൃത ദിനം ആഗസ്റ്റ് 1 ന് ആകർഷകമായ രീതിയിൽ ആചരിക്കേണ്ടതാണ്. സംസ്ഥാന തല സംസ്കൃത ദിനം ആഗസ്റ്റ് 30 ന് നടത്തുന്നതാണ്.

3. ജില്ലാ സംസ്കൃത അക്കാഡമിക് കൗൺസിലുകൾ സബ്ജക്ട് കൗൺസിലുമായി സഹകരിച്ച് പ്രതിമാസം കൂടേണ്ടതും പ്രധാന വിഷയങ്ങൾ ചർച്ചചെയ്യേണ്ടതും ,പരിഹാരങ്ങൾ നിർദ്ദേശിക്കേണ്ടതുമാണ്. യുപി, ഹൈസ്ക്കൂൾ വിഭാഗങ്ങൾ വെവ്വേറെ യോഗം ചേരേണ്ടതാണ് സംസ്കൃത ദിനത്തോട് അനുബന്ധിച്ച് ഈ വർഷം സംസ്കൃത അദ്ധ്യാപകർക്ക് ഉപന്യാസ രചന, സമസ്യ പുരാണം, കവിത എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടത്തുകയും ആയവ സംസ്ഥാന തലത്തിൽ മൂല്യനിർണ്ണയം നടത്തി 1,2,3 സ്ഥാനം ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റ്, മൊമന്റോ എന്നിവ നൽകുന്നതുമാണ്. രചനകൾ ജൂലൈ 10ന് മുൻപ് ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രത്തോടൊപ്പം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടി മത്സരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള സംസ്കൃത അദ്ധ്യാപകരെയാണ് പങ്കെടുപ്പിക്കുക. വിഷയങ്ങൾ പിന്നാലെ നൽകുന്നതാണ്.
4. വിദ്യാഭ്യാസ ഉപജില്ലാടിസ്ഥാനത്തിൽ കുട്ടികൾക്ക് 3 ദിവസത്തെ ഒരു ക്യാമ്പ് നടത്തേണ്ടതാണ്.
5. ജില്ലാ/ഉപജില്ലാ/സ്ക്കൂൾ കൗൺസിലുകൾ ജൂൺ 15 നു മുമ്പ് രൂപീകരിക്കേണ്ടതും പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്. ഈ വിവരം ജൂൺ 30 നു മുമ്പ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതുമാണ്.
6. വിദ്യാഭ്യാസ ജില്ലാ സംസ്കൃത അക്കാഡമിക് കൗൺസിൽ 2012 ജൂൺ 28-ന് മുമ്പ് രൂപീകരിക്കേണ്ടതും,കൗൺസിൽ സെക്രട്ടറിയുടെ പേരുവിവരങ്ങളും റിപ്പോർട്ടും ജൂൺ 30 ന് ഈ ഓഫീസിൽ ലഭിക്കേണ്ടതുമാണ്.

അക്കാഡമിക് കൗൺസിൽ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടപ്പിലാക്കുന്നതിന് വർഷത്തിൽ മൂന്ന് തവണ കൂടേണ്ടതാണ്. നിർവ്വാഹക സമിതി രണ്ട് മാസത്തിലൊരിക്കലെങ്കിലും ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പിലെ സംസ്കൃത സ്പെഷ്യൽ ആഫീസറുടെ പേരിൽ അയച്ചുതരേണ്ടതാണ്.

3/5/2013

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:-

1. എല്ലാ ഉപഡയറക്ടർമാർക്കും
2. ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും
3. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. ജില്ലാ കൗൺസിൽ സെക്രട്ടറിമാർക്കും